**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2484** **04-03-2025 - ൽ മറുപടിയ്ക്ക്**

**ഇൻവെസ്റ്റ് കേരള നിക്ഷേപക ഉച്ചകോടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഇൻവെസ്റ്റ് കേരള നിക്ഷേപക ഉച്ചകോടി നടത്തിപ്പിന് സംസ്ഥാന സർക്കാർ എത്ര രൂപ ചെലഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് -2025 (Invest Kerala Global Summit 2025, IKGS) ഫെബ്രുവരി 21, 22 തീയതികളിലായി കൊച്ചിയിൽ വച്ച് നടത്തിയിരുന്നു. ആയതിന്റെ നടത്തിപ്പ് ചെലവുകളുടെ ഇനം തിരിച്ചുള്ള കണക്കുകൾ തിട്ടപ്പെടുത്തി വരുന്നതേയുള്ളൂ. |
| (ബി) | പ്രസ്തുത ഉച്ചകോടിയിൽ എത്ര വിദേശ കമ്പനികൾ പങ്കെടുത്തുവെന്നും ഏതെല്ലാം കമ്പനികളാണ് പങ്കെടുത്തതെന്നും വിശദമാക്കുമോ; | (ബി) | പ്രസ്തുത നിക്ഷേപക സംഗമത്തിൽ ഓർക്ല, മാനേ, ഐ.ബി.എം, കാനു ഷിപ്പിങ്, ഷറഫ് ഗ്രൂപ്പ്, എൻ.ആർ.ഡബ്ല്യൂ ഗ്ലോബൽ, ഇലാക്, ആമസോൺ വെബ് സെർവീസ്സ്, എൽടോർക്ക്, സിസ്കോ, ഡി.പി. വേൾഡ്, ബ്ലാക്സ്റ്റോൺ തുടങ്ങി ഒട്ടനവധി വിദേശ കമ്പനികളുടെ പ്രതിനിധികൾ പങ്കെടുത്തു. |
| (സി) | പ്രസ്തുത നിക്ഷേപക ഉച്ചകോടി സംഘടിപ്പിച്ചതിലൂടെ കേരളത്തിലെ വാണിജ്യ, വ്യവസായ, സംരംഭക മേഖലയിൽ ഉണ്ടായ നേട്ടങ്ങളും പ്രതീക്ഷകളും എന്താണെന്ന് വിശദമാക്കാമോ? | (സി) | കേരളത്തിന്റെ സുസ്ഥിര സാമ്പത്തിക വികസനത്തിനും വ്യവസായ വളർച്ചക്കുമുള്ള രൂപരേഖ നൽകിക്കൊണ്ട് നവകേരള നിർമിതിയിലേക്കുള്ള സംസ്ഥാനത്തിന്റെ യാത്രയിലെ സുപ്രധാന നാഴികകളാണ് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്. സംസ്ഥാനത്തിന്റെ വ്യാവസായിക വികസനത്തിനായി "യുണൈറ്റഡ് കേരള" എന്ന സന്ദേശം നൽകാൻ ഈ ഉച്ചകോടിക്ക് സാധിച്ചുവെന്നത് മാത്രമല്ല കേരളത്തിന്റെ വ്യാവസായിക മുന്നേറ്റം ലോകശ്രദ്ധയിലേക്കെത്തിക്കുന്നതിനും ഇത് വഴിയൊരുക്കി. സുസ്ഥിര വികസനം, ഡിജിറ്റൽ ഇന്നോവേഷൻ, ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാനസൗകര്യ വികസനം എന്നിവയ്ക്ക് പ്രാധാന്യം നൽകി സംസ്ഥാനത്തിന്റെ തന്ത്രപ്രധാനമായ വ്യാവസായിക വളർച്ചയ്ക്ക് കരുത്തേകുന്ന ചർച്ചകൾക്കുള്ള വിശാലമായ വേദിയായിരുന്നു ഇത്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത ഉച്ചകോടിയിൽ 370ൽ പരം താല്പര്യ പത്രങ്ങളിലൂടെ 1,52,905 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്തേക്ക് ആകർഷിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ, 26രാജ്യങ്ങളിലെ പ്രതിനിധികൾ, 4000ത്തോളം വ്യവസായ പ്രമുഖർ/സ്റ്റാർട്ടപ്പുകൾ/ ഇൻവെസ്റ്റേഴ്സ്, 115 എക്സിബിഷനുകൾ, കൺട്രി സെഷനുകൾ, ബി2ബി മീറ്റിംഗുകൾ എന്നിവയും ഉച്ചകോടിയുടെ പ്രത്യേകതകളായിരുന്നു.<br><br>സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനം, വ്യാവസായിക വളർച്ച വർദ്ധിപ്പിക്കുക, സംരംഭകരെ ശാക്തീകരിക്കുക, കേരളത്തിന്റെ ബ്രാൻഡ് ശക്തിപ്പെടുത്തുക, നയ പരിഷ്കരണങ്ങൾ സുഗമമാക്കുക എന്നിവയാണ് കേരളത്തിൽ നടത്തിയ ആഗോള നിക്ഷേപക ഉച്ചകോടി ലക്ഷ്യമിട്ടിരുന്നത്. |

സെക്ഷൻ ഓഫീസർ